**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **04-07-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ സാമൂഹികാഘാത പഠനത്തിന് ജി.പി.എസ് സർവ്വേ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കെ-റെയിൽ സാമൂഹികാഘാത പഠനത്തിന് മുന്നോടിയായുള്ള കല്ലിടൽ നിർത്തി പകരം ജി.പി.എസ്. സംവിധാനത്തിലൂടെ സർവ്വേ നടത്താൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | **നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് വേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.**<br><br>**കല്ലിടൽ താമസിക്കുന്നത് മൂലം സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ 05.05.2022 ലെ KRDCL/LA/1**6/2022 നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. **+/-10 cm സൂക്ഷ്മതയോടെയുള്ള LiDAR സർവ്വെ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ട് തന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വെ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നല്കുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നല്കുവാൻ ആവശ്യപ്പെടുകയുണ്ടായി.**<br><br>**ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതു കൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ട് പോകുന്നതിന് 16.05.2022 ലെ REV-** |

| | | | |
|---|---|---|---|
| | | | **B2/153/2022-REVനമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നല്കിയിട്ടുള്ളതാണ്.** |
| (ബി) | ഇതുസംബന്ധിച്ച ഉത്തരവ് റവന്യൂ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ ; | (ബി) | **നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് വേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.**<br><br>**കല്ലിടൽ താമസിക്കുന്നത് മൂലം സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ 05.05.2022 ലെ KRDCL/LA/1**6/2022 നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. **+/-10 cm സൂക്ഷ്മതയോടെയുള്ള LiDAR സർവ്വെ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ട് തന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വെ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നല്കുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നല്കുവാൻ ആവശ്യപ്പെടുകയുണ്ടായി.**<br><br>**ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതു കൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ട് പോകുന്നതിന് 16.05.2022 ലെ REV-B2/153/2022-REVനമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നല്കിയിട്ടുള്ളതാണ്.** |
| (സി) | കല്ലിടൽ നിർത്തിവെക്കണമെന്ന നിർദേശമില്ലെന്ന് കെ-റെയിൽ അധികൃതർ വ്യക്തമാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വസ്തുത വിശദമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ